"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - കോവിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്ക് ബേപ്പൂർ ദേശത്ത് വൈക്കം മുഹമ്മദ് ബഷീർ സ്മാരകം നിർമ്മിക്കുന്നതിലേക്കായി 26.255 ആർസ് ഭൂമി സ്വഭാവ വ്യതിയാനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

സ.ഉ.(കൈ) നം.43/2024/AGRI തീയതി,തിരുവനന്തപുരം, 13-06-2024

---

പരാമർശം:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 18.03.2024-ലെ LR/2750/2024-LR(A1) നമ്പർ കത്തിനോടൊപ്പം ലഭ്യമാക്കിയ കോഴിക്കോട് സബ് കളക്ടറുടെ 14.03.2024-ലെ RDOKKD/4885/2022-C4 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്ക് ബേപ്പൂർ വില്ലേജ് ബേപ്പൂർ ദേശത്ത് വൈക്കം മുഹമ്മദ് ബഷീർ സ്മാരകം നിർമ്മിക്കുന്നതിലേക്കായി ഭൂമി സ്വഭാവ വ്യതിയാനം നടത്തുന്നതിന് അനുമതി നൽകുന്നതിന് 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം, വകുപ്പ് 27എ(8) പ്രകാരം കോഴിക്കോട് സബ് കളക്ടർ പരാമർശം കത്ത് പ്രകാരം ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

"കോഴിക്കോട് താലൂക്ക് ബേപ്പൂർ വില്ലേജ് ബേപ്പൂർ ദേശത്ത് റീ.സർവ്വേ നമ്പർ 55/2C, 55/14B എന്നിവയിൽപ്പെട്ടതും വില്ലേജ് രേഖകളിൽ 'നഞ്ച' എന്ന് രേഖപ്പെടുത്തിയതും ഫറോക്ക് സർവ്വേ ഓഫീസിലെ 1104/2008 നമ്പർ ആധാരപ്രകാരം കോഴിക്കോട് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതുമായ 29.535 ആർസ് ഭൂമിയിൽ സർക്കാർ നിർദേശപ്രകാരം വൈക്കം മുഹമ്മദ് ബഷീർ സ്മാരകം നിർമ്മിക്കുവാൻ ടൂറിസം വകുപ്പ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതിക്കായി കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി കോഴിക്കോട് സബ് കളക്ടർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിൽ വില്ലേജ് ഓഫീസർ മുഃഖേന അന്വേഷണം നടത്തിയതിൽ അപേക്ഷാഭൂമി ഡാറ്റാബാങ്കിൽ ഉൾപ്പെടുന്നില്ലായെന്നും സ്വഭാവവ്യതിയാനം വരുത്തുന്നതിന് അനുമതി നൽകുന്ന പക്ഷം അപേക്ഷാഭൂമിയിലെ സ്വാഭാവികമായുള്ള ജലാഗമനനിർഗമനസ്രോതസ്സുകൾ തടസ്സപ്പെടുകയില്ലെന്നും സമീപത്തുള്ള നെൽവയലുകളിലെ നെൽകൃഷിയെ പ്രതികൂലമായി

ബാധിക്കുകയില്ലെന്നും അപേക്ഷാഭൂമി വർഷങ്ങൾക്ക് മുമ്പ് തന്നെ തരം മാറിയിട്ടുണ്ടെന്നും നിലവിൽ നെൽകൃഷിക്കനുയോജ്യമല്ലെന്നും വെള്ളക്കെട്ടില്ലെന്നും നെൽകൃഷി നടത്തുന്നില്ലെന്നും കണ്ടെത്തിയിട്ടുള്ളതാണ്.

2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം, 27എ വകുപ്പ് 2-ാം ഉപവകുപ്പ്, 2018ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ 12(2) എന്നിവ പ്രകാരം അപേക്ഷാഭൂമിയുടെ വിസ്തീർണം 20.23 ആറിൽ അധികരിക്കുന്ന പക്ഷം അപേക്ഷാഭൂമിയുടെ 10% ഭൂമി ജലസംരക്ഷണനടപടികൾക്കായി മാറ്റിവെക്കേണ്ടതും ആയത് പ്രത്യേകം കാണിച്ച് കൊണ്ടുള്ള സ്കെച്ച് അപേക്ഷയുടെ കൂടെ സമർപ്പിക്കേണ്ടതുമാണ്. അത് പ്രകാരം മൊത്തം അപേക്ഷാഭൂമിയായ 29.535 ആർസ് ഭൂമിയിൽ 3.28 ആർസ് ഭൂമി ജലസംരക്ഷണനടപടികൾക്കായി മാറ്റിവെച്ച് കൊണ്ട് ആയത് കാണിച്ച് കൊണ്ടുള്ള സ്കെച്ച് അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്. ടി ഭൂമി ജലസംരക്ഷണ നടപടികൾക്കായി മതിയായതും അനുയോജ്യവുമാണെന്ന് കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കോഴിക്കോട് താലൂക്ക് ബേപ്പൂർ വില്ലേജ് ബേപ്പൂർ ദേശത്ത് റീസർവ്വെ നമ്പർ 55/2C, 55/14B എന്നിവയിൽപ്പെട്ടതും വില്ലേജ് രേഖകളിൽ 'നഞ്ച' എന്ന് രേഖപ്പെടുത്തിയതും ഫറോക്ക് സർവ്വേ ഓഫീസിലെ 1104/2008 നമ്പർ ആധാരപ്രകാരം കോഴിക്കോട് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതുമായ 29.535 ആർസ് ഭൂമിയിൽ 3.28 ആർസ് ഭൂമി ജലസംരക്ഷണനടപടികൾക്കായി നീക്കിവെച്ച് ശേഷിക്കുന്ന 26.255 ആർസ് ഭൂമി വൈക്കം മുഹമ്മദ് ബഷീർ സ്മാരക നിർമ്മാണം എന്ന പൊതു ആവശ്യത്തിലേക്കായി 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം വകുപ്പ് 27എ (8) (9) (10) ഉപവകുപ്പുകൾ പ്രകാരം തരം മാറ്റി നൽകാവുന്നതാണ്."

2. മേൽ റിപ്പോർട്ട് 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 27എ(9) പ്രകാരം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്ക് ബേപ്പൂർ വില്ലേജ് ബേപ്പൂർ ദേശത്ത് റീ സർവ്വേ നം.55/2C, 55/14B എന്നിവയിൽപ്പെട്ടതും വില്ലേജ് രേഖകളിൽ 'നഞ്ച' എന്ന് രേഖപ്പെടുത്തിയതും ഫറോക്ക് സർവ്വേ ഓഫീസിലെ 1104/2008 നമ്പർ ആധാരപ്രകാരം കോഴിക്കോട് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതുമായ 29.535 ആർസ് ഭൂമിയിൽ നിന്നും ജലസംരക്ഷണത്തിനായി നീക്കിവെച്ചിട്ടുള്ള 3.28 ആർസ് ഭൂമി ഒഴിച്ച് അവശേഷിക്കുന്ന 26.255 ആർസ് ഭൂമി വൈക്കം മുഹമ്മദ് ബഷീർ സ്മാരകം നിർമ്മിക്കുന്നതിലേക്കായി സ്വഭാവ വ്യതിയാനം വരുത്തുന്നതിന് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 27എ(9) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) പരിവർത്തനപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കപ്പെടുന്ന അവസരത്തിൽ പ്രസ്തുത ഭൂമിയിലും സമീപ ഭൂമികളിലും വെള്ളക്കെട്ട് രൂപപ്പെടുവാനിടയുള്ള സാഹചര്യം ഒഴിവാക്കുന്നതിലേക്കായും സമീപ ഭൂമികളിലേക്കുള്ള ജലത്തിന്റെ സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടാതിരിക്കുന്നതിനും ആവശ്യമായ സമഗ്ര സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

(ii) ജലസംരക്ഷണത്തിനായി നീക്കിവെച്ചിട്ടുള്ള ഭൂമിയിൽ നിർദ്ദിഷ്ട ജലസംരക്ഷണ പ്രോജക്ടിൽ പരാമർശിച്ചത് പ്രകാരമുള്ള ജലസംഭരണികൾ നിർമ്മിച്ച് ജലസംരക്ഷണ

പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

1.ജില്ലാ കളക്ടർ, കോഴിക്കോട്.
2.സബ് കളക്ടർ, കോഴിക്കോട്.
3.വില്ലേജ് ഓഫീസർ, ബേപ്പൂർ, കോഴിക്കോട്.
4.കൃഷി ഓഫീസർ, ബേപ്പൂർ, കോഴിക്കോട്.
5.വിവരപൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
6.കരുതൽ ഫയൽ, ഓഫീസ് കോപ്പി (ഫയൽ നം.NCA3/80/2024-AGRI)

ഉത്തരവിൻ പ്രകാരം

Signed by
Archana B P
Date: 13-06-2024 15:20:24
സെക്ഷൻ ഓഫീസർ

പകർപ്പ്:1.ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.
2.കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-ക്ക്.